"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ റിക്കവറി- M/s കോർഡിയന്റ് ടെക്നോളജീസ് (പി) ലിമിറ്റഡ് ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 26011/2016 നമ്പർ കേസിലെ 03.09.2024 ലെ വിധിന്യായം പാലിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.330/2025/RD തീയതി,തിരുവനന്തപുരം, 16-12-2025

---

പരാമർശം:-

1. M/s കോർഡിയന്റ് ടെക്നോളജീസ് (പി) ലിമിറ്റഡ് ഫയൽ ചെയ്ത WP(C) 26011/2016 നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ 03.09.2024ലെ വിധിന്യായം.
2. എറണാകുളം ജില്ലാ കളക്ടറുടെ 20.09.2025ലെ DCEKM/13202/2024-B12 നമ്പർ കത്ത്.
3. WP(C) 26011/2016 നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ 03.09.2024ലെ വിധിന്യായത്തിനെതിരെ ഫയൽ ചെയ്ത 1095/2025 നമ്പർ റിവ്യൂ പെറ്റീഷന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 15.10.2025ലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

M/s കോർഡിയന്റ് ടെക്നോളജീസ് (പി) ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും സ്റ്റാമ്പ് ഡ്യൂട്ടി ആൻഡ് രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചതിനെ തുടർന്ന് ടി സ്ഥാപനം ബഹു. ഹൈക്കോടതി മുൻപാകെ WP(C) 26011/2016 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. ടി കേസിൽ കുടിശ്ശിക കക്ഷിയോട് 15,00,000/- രൂപ അടക്കുവാൻ കോടതി നിർദേശിച്ചതിനെ തുടർന്ന് ടി തുക അടയ്ക്കുകയും ആയതിൽ 13,95,350/- രൂപ അർത്ഥനാധികാരിക്കും ബാക്കി 1,04,650/- രൂപ കളക്ഷൻ ചാർജ് ഇനത്തിലും കണക്കാക്കുകയും ചെയ്തിരുന്നു, കൂടാതെ കുടിശ്ശിക കക്ഷി റിക്വസിഷൻ പ്രകാരം ഉള്ള ബാക്കി തുകയായ 70,70,399/- രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റും കളക്ഷൻ ചാർജ് ഇനത്തിൽ 5,30,279/- രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റും കണയന്നൂർ സ്പെഷ്യൽ തഹസിൽദാർ (ആർ ആർ) ന്റെ കാര്യാലയത്തിൽ സമർപ്പിച്ചിരുന്നു. ആയതു പ്രകാരം ടി കേസിൽ കുടിശ്ശിക കക്ഷി റിക്വിസിഷൻ പ്രകാരമുള്ള കുടിശ്ശിക തുകയായ 84,65,749/- രൂപയും ആയതിന്റെ കളക്ഷൻ ചാർജായി 6,34,929/-രൂപയും അടച്ചിരുന്നു.

2) തുടർന്ന് WP(C) 26011/2016 നമ്പർ കേസിലെ പരാമർശം(1) പ്രകാരമുള്ള വിധിന്യായത്തിൽ, കുടിശ്ശികകക്ഷിയിൽ നിന്നും പലിശയും, പിഴ പലിശയും, കളക്ഷൻ ചാർജും ഈടാക്കാൻ പാടില്ലായെന്നും 3 മാസത്തിനകം ഈടാക്കിയ തുക തിരികെ നൽകുന്നതിനും ബഹു.

കോടതി ഉത്തരവായിരുന്നു. വിധിന്യായ പ്രകാരം അർത്ഥനാധികാരി കുടിശ്ശികകക്ഷിയിൽ നിന്നും ഈടാക്കിയ 84,65,749/-രൂപയിൽ നിന്നും 46,74,025/- രൂപ ടിയാന് തിരികെ നൽകിയിരുന്നു. പരാമർശം(1) വിധിന്യായത്തിലെ, കളക്ഷൻ ചാർജ് തിരികെ നൽകണമെന്ന നിർദ്ദേശത്തിനെതിരെ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത പെറ്റീഷൻ പരാമർശം (3) പ്രകാരം ബഹു. ഹൈക്കോടതി തള്ളിയിരുന്നു. കൂടാതെ പരാമർശം(1) പ്രകാരമുള്ള വിധിന്യായത്തിൽ ബഹു. ഹൈക്കോടതി നിർദ്ദേശിച്ച കളക്ഷൻ ചാർജ്ജ് തിരികെ നൽകാത്തതിനെതിരെ അപേക്ഷകൻ COC 1710/2025 നമ്പരായി കോടതിയലക്ഷ്യ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. ആയത് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. സർക്കാരിലേക്ക് ഒടുക്കുവരുത്തിയ കളക്ഷൻ ചാർജ് കക്ഷിക്ക് തിരിച്ചു നൽകുന്നതിനായി എറണാകുളം ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള റവന്യൂ റിക്കവറി ആക്ട്-ലെ സെക്ഷൻ 2(d), സെക്ഷൻ 5 എന്നീ വകുപ്പുകൾ, നിയമപരമായ വ്യവസ്ഥകൾ എന്നിവ കർശനമായി പാലിച്ചുകൊണ്ട് മാത്രമേ നടപടി ചെലവുകളോ ചാർജ്ജുകളോ പിരിക്കാൻ സാധിക്കുകയുള്ളൂ. കേരള റവന്യൂ റിക്കവറി ആക്ട്-ലെ 2(d), 5 എന്നീ സെക്ഷനുകളിലെ വ്യവസ്ഥകൾ അവലംബിച്ച് പിരിച്ചെടുക്കുന്ന സാഹചര്യത്തിൽ മാത്രമേ പിരിവ് ചാർജ് ആവശ്യപ്പെടാൻ സാധിക്കുകയുള്ളൂ എന്ന സ്ഥിതി നിലനിൽക്കെ, ടി സ്ഥാപനം WP(C) 26011/2016 നമ്പർ കേസ് നിലനിൽക്കെ സ്വമേധയാ ഒടുക്കിയ തുകയ്ക്കുമേൽ ഈടാക്കിയ കളക്ഷൻ ചാർജ്ജ് തിരികെ നൽകുന്നതിനാണ് ബഹു.കോടതി നിർദ്ദേശിച്ചിരിക്കുന്നത്. അതിനാൽ സ്റ്റാമ്പ് ഡ്യൂട്ടി ആൻഡ് രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ M/S കോർഡിയൻറ് ടെക്നോളോജിസ് (പി) ലിമിറ്റഡ്-നെതിരെയുള്ള റവന്യൂ റിക്കവറി നടപടികളുടെ ഭാഗമായി കളക്ഷൻ ചാർജ്ജ് ഇനത്തിൽ ഈടാക്കിയ 6,34,929/-രൂപ (ആറു ലക്ഷത്തി മുപ്പത്തിനാലായിരത്തി തൊള്ളായിരത്തി ഇരുപത്തി ഒൻപത് രൂപ മാത്രം) ടി കക്ഷിക്ക് തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

5) എറണാകുളം ജില്ലാ കളക്ടർ, രേഖകളുടെ ആധികാരികത ഉറപ്പു വരുത്തി മേൽ പരാമർശിച്ച തുക തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6) ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം(1) പ്രകാരമുള്ള വിധിന്യായം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലത എസ്
ഡെപ്യൂട്ടി സെക്രട്ടറി

M/s കോർഡിയന്റ് ടെക്നോളജീസ് (പി) ലിമിറ്റഡ്, എറണാകുളം.
കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ജില്ലാ കളക്ടർ, എറണാകുളം.
രജിസ്ട്രേഷൻ വകുപ്പ്
ഡെപ്യൂട്ടി തഹസീൽദാർ(ആർ ആർ) കണയന്നൂർ താലൂക്ക്, എറണാകുളം.
നിയമ വകുപ്പ് (ST-I2/460/2025-LAW dated 08.10.2025)
ധനകാര്യ വകുപ്പ്(3298011/EXP-D1/422/2025-FIN dated 12.11.2025)

ഡയറക്ടർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ്(സർക്കാർ വൈബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Misha C P
Date: 16-12-2025 12:08:19

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. റവന്യൂ വകുപ്പ മന്ത്രിയുടെ പി.എസ്-ന്

റവന്യൂ(എച്ച്) വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി. എ യ്ക്ക്.

റവന്യൂ(എച്ച്) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിക്ക്